D 92208 (Pages : 2) Name..................................

Reg. No..................................

# THIRD SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2015

(CUCBCSS–UG)

Common Course

MAL 3A 03—MALAYALA SAHITHYAM–III

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 എസ്.കെ. പൊറ്റെക്കാട് രചിച്ച ഒരു സഞ്ചാര സാഹിത്യകൃതിയുടെ പേരെഴുതുക.

2 മലയാളത്തിലെ ആദ്യശബ്ദ ചലച്ചിത്രം.

3 'കറുത്ത ദൈവത്തെ തേടി' എന്ന നാടകം എഴുതിയതാര് ?

4 'ഈഡിപ്പസ് ' എന്ന ദുരന്തനായകനെ സൃഷ്ടിച്ച നാടകകൃത്ത്.

5 'ഒരു അന്തർജനത്തിൻെറ ആത്മകഥ' എഴുതിയതാര് ?

6 തിരക്കഥാ രചനയിൽ എം.ടി.യുടെ മാതൃകയാര് ?

7 എങ്ങനെ അറിയപ്പെടണം എന്ന ചോദ്യത്തിന് പൊക്കുടൻ നൽകുന്ന മറുപടി എന്ത് ?

8 മലയാളത്തിലെ ആദ്യ എക്സ്പ്രഷണിസ്റ്റ് നാടകം ഏതാണ് ?

9 ഡോ.എ.പി.ജെ. അബ്ദുൽ കലാമിൻെറ ആത്മകഥയുടെ പേരെന്ത് ?

10 'ഇതര വാഴ്വുകൾ' എന്ന അനുഭവ വിവരണക്കുറിപ്പുകളുടെ കർത്താവാര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 "ഏതായാലും ആ വാക്ക് ഞാൻ ആദ്യം കേട്ടത് അസീസിൻെറ വായയിൽ നിന്നാണ് "—സൂചന എന്തിനെക്കുറിച്ചാണ് ?

12 "തൊടലി പോലാ ഇത്. ഒരിക്കൽപ്പിടിച്ചാ പിന്നെ വിടുകേലാ—ഒരു ഗതികെട്ട തൊഴില് "—ഏതു തൊഴിലിനെപ്പറ്റിയുള്ളതാണ് ഈ പരാമർശം ?

13 'കാബിനറ്റ് ഓഫ് ഡോക്ടർ കാലിഗറി' ഇന്ന് ഓർമ്മിപ്പിക്കപ്പെടുന്നതെങ്ങനെ ?

14 "നശിപ്പിച്ചവരാണല്ലോ യഥാർത്ഥത്തിൽ നിരാശപ്പെടേണ്ടത് "—ആരുടെ വാക്കുകൾ ? വിവക്ഷിതമെന്ത് ?

15 "മരണത്തിൻെറ വില നിങ്ങൾ കണക്കാക്കുന്നത് അണ പൈസയിലാണോ ?"—ഈ ചോദ്യം ഉന്നയിച്ചതാര് ? സന്ദർഭമേത് ?

(5 × 2 = 10 marks)

Turn over

III. അഞ്ചു ചോദ്യത്തിന് നൂററമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

16 സാക്ഷിവിസ്താര റിപ്പോർട്ടിൽനിന്നും നാടകത്തെ വ്യത്യസ്തമാക്കുന്ന ഘടകങ്ങളേവ ?

17 "കൊല്ലണമെങ്കിൽ വല്ല സിനിമാതാരത്തെയോ കോടീശ്വരനെയോ കൊല്ലണം"—സന്ദർഭവും ആശയവും വിശദമാക്കുക.

18 ടെയിലർ ശിവൻപിള്ളയുടെ സ്വഭാവം നിരൂപണം ചെയ്യുക.

19 "വാർത്ത തേടിപ്പോയ പത്രപ്രവർത്തകൻ ഈന്തപ്പനത്തോട്ടത്തിൽ സ്വയം വാർത്തയായി മാറുകയായിരുന്നു"—സന്ദർഭം വിശദമാക്കുക.

20 പൊക്കുടന് രാഷ്ട്രീയത്തിൽ വിശ്വാസം നഷ്ടപ്പെട്ടത് എന്തുകൊണ്ട് ?

21 'ആയിരം പഴം വച്ച വാരം' എന്ന് ദേവകി നിലയങ്ങോട് വിശേഷിപ്പിക്കുന്നതെങ്ങനെ ?

22 ആർതർ മില്ലർ, ഏലിയ കസാൻ എന്നീ എഴുത്തുകാർ തിരക്കഥാ രചനയിൽ നടത്തിയ പരീക്ഷണമെന്ത് ?

(5 × 5 = 25 marks)

IV. നാലു ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23 പത്മരാജന്റെ തിരക്കഥകളെ ചൈതന്യവത്താക്കുന്ന പ്രധാന ഘടകം നാട്ടിൻപുറത്തിന്റെ അന്തരീക്ഷമാണ്—ഒരിടത്തൊരു ഫയൽവാനെ ആസ്പദമാക്കി വിലയിരുത്തുക.

24 സി.ജെ.യുടെ നാടക ബോധത്തിന്റെ സമഗ്രത പ്രകടമാക്കുന്ന രചനയാണ് '1128-ൽ ക്രൈം 27' —ചർച്ച ചെയ്യുക.

25 മികച്ച തിരക്കഥകൾ മികച്ച സാഹിത്യസൃഷ്ടികൾ കൂടിയാണ്—എം.ടി.യുടെ തിരക്കഥാ സമീപനത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുക.

26 വേറിട്ട അനുഭവക്കുറിപ്പുകൾ വിരചിക്കാനുള്ള വി.കെ. ശ്രീരാമന്റെ സർഗശേഷി പ്രകടമാക്കുന്ന രചനയാണ് 'മാട്ട് '—സ്പഷ്ടമാക്കുക.

27 മരുഭൂമിയിലെ അപരിചിതവും അപരിമേയവുമായ അനുഭവങ്ങളാണ് മുസഫർ അഹമ്മദ് 'മരുഭൂമിയുടെ ആത്മകഥ'യിൽ ആവിഷ്കരിച്ചിരിക്കുന്നത്—വിശദമാക്കുക.

28 സ്ത്രീകൾ നേരിടുന്ന സാമുദായികവും ലിംഗപരവുമായ വിവേചനത്തിന്റെ നേർസാക്ഷ്യമാണ് ദേവകി നിലയങ്ങോടിന്റെ 'എച്ചിൽ' വിലയിരുത്തുക.

(4 × 10 = 40 marks)

**D 12341** (Pages : 2) Name.................................

Reg. No.................................

Arts & Science College Kottakkal, Malappuram

# THIRD SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2016

(CUCBCSS–UG)

Common Course—Malayalam

## MAL 3A 03—**മലയാള സാഹിത്യം**—III

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'എന്റെ കഥ' എന്ന ആത്മകഥ എഴുതിയതാര് ?

2 സി.ജെ. തോമസിന്റെ ആരാധനാപാത്രമായ ഗ്രീക്ക് നാടകകൃത്ത്.

3 യോഗക്ഷേമ സഭയുടെ എട്ടാമത് വാർഷിക യോഗം നടന്നത് എവിടെ ?

4 കല്ലേൻ പൊക്കുടന്റെ പ്രിയപ്പെട്ട രാഷ്ട്രീയ നേതാവ് ആരായിരുന്നു ?

5 കെ. ദാമോദരൻ എഴുതിയ രാഷ്ട്രീയ നാടകത്തിന്റെ പേര്.

6 രാഷ്ട്രപതിയുടെ രജതകമലം കരസ്ഥമാക്കിയ പത്മരാജൻ ചിത്രമേത് ?

7 മുഹമ്മദ് അബ്ദു റഹ്മാൻ സാഹിബിന്റെ വളർത്തു പുത്രന്റെ പേരെന്ത് ?

8 'സിംഹഭൂമി' എന്ന യാത്രാവിവരണം എഴുതിയതാര് ?

9 'ഇക്കിറു' എന്ന ചലച്ചിത്രത്തിന്റെ സംവിധായകൻ.

10 നമ്പൂതിരിമാർ നടത്തുന്ന അമ്പലസദ്യകളിൽ പ്രധാനം ഏതാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 "അവിടത്തെ മോലാളീം ഇവിടത്തെ മോലാളീം ഒക്കെ ഞാൻ തന്നെയാ"—വക്താവാര് ? സന്ദർഭമേത് ?

12 'തുണക്കാർക്കു കൊടുക്കുക' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ?

13 "നശിപ്പിച്ചവരാണല്ലോ യഥാർത്ഥത്തിൽ നിരാശപ്പെടേണ്ടത്"—വിവക്ഷയെന്ത് ?

14 "നിന്നെ സംബന്ധിച്ചിടത്തോളം അതൊരു നിസ്സാര സംഭവമാണ്. ഒരു വെറും ഫലിതം"—വ്യംഗ്യമെന്ത് ?

15 മുണ്ടമുക ശാസ്താംകാവിൽ ശാന്തിയായിരുന്ന കാലത്ത് വി.ടി.ക്ക് ലഭിച്ചിരുന്ന 'പുറം വരായകൾ' എന്തൊക്കെ ?

(5 × 2 = 10 marks)

III. **അഞ്ചു** ചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

16 'കുടിവെപ്പ്' എന്ന ചടങ്ങിനെയും അനുബന്ധകാര്യങ്ങളെയും ദേവകി നിലയങ്ങോട് വിലയിരുത്തുന്നതെങ്ങനെ ?

**Turn over**

17 'ഒരു ദരിദ്രവാസി രണ്ടാമതൊരു ദരിദ്രവാസിയെ കൊല്ലുന്നു. മൂന്നാമതൊരു ദരിദ്രവാസി അതിനെപ്പറ്റി പ്രസ്താവനയിറക്കുന്നു"—സന്ദർഭവും ആശയവും വ്യക്തമാക്കുക.

18 ജലയുദ്ധങ്ങൾ മരുഭൂമിയുടെ ആത്മകഥയാണ്—സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ ഈ വസ്തുത മുസഫർ അഹമ്മദ് വിശദീകരിക്കുന്നതെങ്ങനെ ?

19 എന്താണ് നാടകീയ സന്ദർഭം ?

20 മുഹമ്മദ് അബ്ദു റഹ്മാൻ സാഹിബിന്റെ സത്യസന്ധത തെളിയിക്കുന്ന **രണ്ടു** സന്ദർഭങ്ങൾ ചൂണ്ടിക്കാണിക്കുക.

21 'വിജ്ഞാനം നേടിയേ അടങ്ങൂ ' എന്ന ശപഥത്തിലേക്ക് വി.ടി. എത്തിച്ചേർന്നതെപ്പോൾ ? അദ്ദേഹം അതു പ്രാവർത്തികമാക്കിയതെങ്ങനെ ?

22 ജി. ശങ്കരപ്പിള്ളയുടെ നാടകാദർശം 'കറുത്ത ദൈവത്തെ തേടി' എന്ന നാടകത്തിൽ സഫലമാകുന്നതെങ്ങനെ ?

(5 × 5 = 25 marks)

IV. **നാലു** ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23 സൂക്ഷ്മമായ ദൃശ്യബോധവും അഗാധമായ മനുഷ്യഹൃദയജ്ഞാനവുംകൊണ്ട് പത്മരാജന്റെ തിരക്കഥകൾ വേറിട്ടു നിൽക്കുന്നു—നിരൂപിക്കുക.

24 മരണത്തെക്കുറിച്ചുള്ള വിചിത്ര വേദാന്തം കാഴ്ചവയ്ക്കുന്ന '1128-ൽ ക്രൈം 27' സി.ജെ.യുടെ നാടക ജീവിതത്തിലെ നാഴികക്കല്ലാണ്—സമർത്ഥിക്കുക.

25 പ്രവാസിയുടെ യാത്രകളെയും ആ യാത്രകളിലെ തീവ്രാനുഭവങ്ങളെയും മുസഫർ അഹമ്മദ് ഹൃദയസ്പർശിയായി അവതരിപ്പിക്കുന്നു—'മരുഭൂമിയുടെ ആത്മകഥ'യെ മുൻനിർത്തി വിലയിരുത്തുക.

26 തിരക്കഥാരചനയുടെ സാങ്കേതികതയേയും സൗന്ദര്യാംശങ്ങളേയും കുറിച്ചുള്ള എം.ടി. വാസുദേവൻ നായരുടെ കാഴ്ചപ്പാടുകൾ ക്രോഡീകരിക്കുക.

27 പൊക്കുടന്റെ 'കണ്ടൽ ജീവിതം' മലയാളിയുടെ സാംസ്കാരിക ചരിത്രത്തിന്റെ ഭാഗമായിത്തീരുന്നതെങ്ങനെയെന്നു പരിശോധിക്കുക.

28 ആർജവമുള്ള ആത്മാന്വേഷണമാണ് 'വളർന്നു വരുന്ന ഒരാത്മാവ്'—ഉപപാദിക്കുക.

(4 × 10 = 40 marks)

31115

(Pages : 2)

Name.....................................

Reg. No..................................

# THIRD SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2017

(CUCBCSS–UG)

Common Course

MAL 3A 03—MALAYALA SAHITHYAM

Time : Three Hours

Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകത്തിന്റെ കർത്താവാര് ?

2 ഓം പ്രകാശ് വാല്മീകിയുടെ ആത്മകഥയുടെ ശീർഷകമെന്ത് ?

3 'കുറുപ്പില്ലാക്കളരി' എന്ന പ്രഹസനം എഴുതിയതാര് ?

4 രാഷ്ട്രപതിയുടെ സ്വർണമെഡൽ നേടിയ ആദ്യ മലയാള ചലച്ചിത്രമേത് ?

5 അന്തർജനങ്ങളുടെ ദൈന്യം നിറഞ്ഞതും പരതന്ത്രവുമായ ജീവിതത്തെ മുൻനിർത്തി ലളിതാംബിക അന്തർജനം രചിച്ച നോവലേത് ?

6 'ദേശാടനത്തിന്റെ മിശിഹകൾ' എന്ന പുസ്തകത്തിന്റെ രചയിതാവാര് ?

7 'കള്ളൻ പവിത്രൻ' എന്ന ചലച്ചിത്രം സംവിധാനം ചെയ്തതാര് ?

8 'മാട്ട്' എന്ന അനുഭവക്കുറിപ്പിൽ ഏതു ചലച്ചിത്ര നടന്റെ പേരാണ് പരാമർശിച്ചിട്ടുള്ളത് ?

9 അമേരിക്കൻ ട്രാജഡി എന്ന നോവലിനു തിരക്കഥ തയ്യാറാക്കിയ റഷ്യൻ സംവിധായകൻ ആര് ?

10 മലയാളത്തിലെ ആദ്യ സഞ്ചാരസാഹിത്യകൃതി ഏത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 വിചിത്രവേദാന്തം എന്ന് ശിഷ്യൻ വിശേഷിപ്പിച്ചത് എന്തിനെ ?

12 മുസഫർ അഹമ്മദിനും സുഹൃത്തുക്കൾക്കും അൽജൗഫിലെ സക്കാക്കയിൽവച്ച് മർദ്ദനമേൽക്കാൻ കാരണമെന്ത് ?

13 സംവിധായകനായ ബർഗ്മാനെ മഹാകവിയാക്കുന്ന ചലച്ചിത്രരംഗം ഏതാണ് ?

14 'ഇതിയാൻ വിചാരിച്ചാലാണോ കാശിനു പഞ്ഞം ?'—ആരെക്കുറിച്ചാണ് ഈ പരാമർശം ? വക്താവാര് ?

15 അന്തർജനങ്ങൾക്ക് തുണപോകുന്ന സ്ത്രീകളുടെ കർത്തവ്യമെന്ത് ?

(5 × 2 = 10 marks)

Turn over

III. **അഞ്ചു** ചോദ്യത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

16 കുഞ്ഞിക്കോരനും കുഞ്ഞിക്കിളിയനും തമ്മിൽ ശണ്ഠ കൂടിയത് എന്തിനായിരുന്നു ?

17 സി.എൻ. ശ്രീകണ്ഠൻ നായർ മലയാള നാടകത്തിനു നൽകിയ സംഭാവനയെന്ത് ?

18 അപരിചിത ഗ്രാമത്തിലേക്കുള്ള ഫയൽവാന്റെ ആദ്യവരവ് എങ്ങനെയായിരുന്നു ?

19 'മരണം ഒരു ഫലിതമാണ്. പ്രത്യേകിച്ചും അവനവന്റെ മരണം'—സന്ദർഭവും ആശയവും വിശദമാക്കുക.

20 കുടിവെപ്പ് ചടങ്ങിനെക്കുറിച്ച് ദേവകി നിലയങ്ങോടിന്റെ അഭിപ്രായമെന്ത് ?

21 നേപ്പാളി തൊഴിലാളിയുടെ ദാരുണമരണത്തെ 'മരുഭൂമിയുടെ ആത്മകഥ'യിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

22 കണ്ടൽക്കാടുകൾ കൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെ ?

(5 × 5 = 25 marks)

IV. **നാലു** ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23 സംഭാഷണം, ക്രിയാംശം, ഇതിവൃത്തം തുടങ്ങിയ ഘടകങ്ങളിൽ നാടകം പുലർത്തുന്ന സവിശേഷതകളെക്കുറിച്ചുള്ള പ്രൊഫ. എം.കെ. സാനുവിന്റെ നിരീക്ഷണങ്ങൾ സംഗ്രഹിച്ചെഴുതുക.

24 കേരളത്തിൽ നിലവിലിരുന്ന പുരുഷാധിപത്യപരമായ ആചാരങ്ങളുടെയും ലിംഗവിവേചനപരമായ സമീപനത്തിന്റെയും സത്യസന്ധമായ തുറന്നു പറച്ചിലാണ് ദേവകി നിലയങ്ങോടിന്റെ ആത്മകഥാ രചനകൾ—പാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക.

25 പരമ്പരാഗത രീതിയിൽനിന്നു വ്യതിചലിച്ചെഴുതിയ പരീക്ഷണ നാടകമാണ് സി.ജെ. തോമസിന്റെ '1128-ൽ ക്രൈം 27'—പരിശോധിക്കുക.

26 മരുഭൂമിയുടെ ആത്മകഥയിലെ ശ്രദ്ധേയമായ അനുഭവ വിവരണങ്ങളുടെ വായനാനുഭവം തയ്യാറാക്കുക.

27 കെട്ടുറപ്പും പ്രമേയഗൗരവവുമുള്ള തിരക്കഥയിൽനിന്നേ കലാമേന്മയും ദൃശ്യഭംഗിയുമുള്ള ചലച്ചിത്രം പിറവിയെടുക്കുകയുള്ളൂ—ഒരിടത്തൊരു ഫയൽവാനെ ആസ്പദമാക്കി ചർച്ച ചെയ്യുക.

28 അപൂർവ്വതകൾ നിറഞ്ഞ ഒരു ജീവിതത്തിന്റെ ഉടമയായിരുന്ന മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് —ജീവചരിത്രക്കുറുപ്പിനെ ആധാരമാക്കി വിലയിരുത്തുക.

(4 × 10 = 40 marks)

**D 51227** (Pages : 2)

Name.................................

Reg. No.................................

Farook Arts & Science College, Kottakkal, ...puram

## THIRD SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2018

(CUCBCSS–UG)

MAL 3A 03—മലയാള സാഹിത്യം–III

(MALAYALA SAHITHYAM–III)

[2014 Admissions]

Time : Three Hours | Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 മലയാളത്തിലെ ആദ്യ കളർ ചിത്രം ഏത് ?

2 'കറുത്ത ദൈവത്തെത്തേടി' ആരുടെ നാടകം ?

3 'എക്സ്പ്രഷനിസം' മലയാളിക്ക് പരിചയപ്പെടുത്തിയ നാടകമേത് ?

4 എം.ടി. ആദ്യമായി സംവിധാനം ചെയ്ത സിനിമയേത് ?

5 'പത്തായം' എന്ന ലേഖനത്തിൻെറ രചയിതാവാര് ?

6 തീരദേശ പരിപാലനം പാസ്സാക്കിയ വർഷം.

7 'ഹുദ്' ഏതു നാട്ടിലെ സംഗീതവാദ്യോപകരണമാണ് ?

8 ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ മരുഭൂമി ഏത് ?

9 ഒരിടത്തൊരു ഫയൽവാൻ എന്ന തിരക്കഥയ്ക്കാധാരമായ ചെറുകഥയേത് ?

10 സോഫോക്ലീസിൻെറ 'ആൻറിഗണി' വിവർത്തനം ചെയ്തതാര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാചകത്തിൽ ഉത്തരമെഴുതുക :

11 "കൊല്ലണമെങ്കിൽ വല്ല സിനിമാതാരത്തെയോ കോടീശ്വരനെയോ കൊല്ലണം"—ആരാണ് പറഞ്ഞത് ? കാരണമെന്ത് ?

12 "മൂപ്പിളമ്മ തിരുത്തിയെഴുതാൻ കാലമേറെ കഴിയേണ്ടി വരില്ല"—എം.ടി സൂചിപ്പിക്കുന്നതെന്ത് ?

13 നാടക സഹൃദയ സമിതികളെക്കുറിച്ച് ജി. ശങ്കരപ്പിള്ളയുടെ നിരീക്ഷണമെന്ത് ?

14 "ചിലപ്പോഴൊക്കെ എനിക്ക് തോന്നാറുണ്ട് ഞാനൊരു പ്രാന്തൻ കണ്ടലാണെന്ന് "—ആരാണ് പറഞ്ഞത് ? എന്തുകൊണ്ട് ?

15 "മക്കയിൽ കണ്ണീരുകൊണ്ട് അകവും പുറവും കഴുകി വൃത്തിയാക്കുന്ന മനുഷ്യരെയാണ് കാണുക" —വിശദമാക്കുക.

(5 × 2 = 10 marks)

**Turn over**

III. നൂറ്റമ്പത് വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

16 "ഒത്തുപിടിക്കാൻ എന്നെ കിട്ടുകേലാ. ഗുസ്തി ദൈവികത്വമുള്ള സംഗതിയാ"—ഫയൽവാൻ ഇങ്ങനെ പറയാൻ കാരണമെന്ത് ?

17 "ജലയുദ്ധങ്ങൾ മരുഭൂമിയുടെ ആത്മകഥയാണ്. അറേബ്യയുടെ ചരിത്രത്തിൻെറ ഒരു വലിയ ഭാഗവും"—വിശദമാക്കുക.

18 "കൊന്നവനെ കൊന്നാൽ ജീവിക്കുന്നവരെല്ലാം രക്ഷപ്പെടുമോ ?"—ഈ ചോദ്യത്തിൻെറ സാംഗത്യമെന്ത് ?

19 സി.എൻ. ശ്രീകണ്ഠൻ നായർ നാടകങ്ങളെ വ്യത്യസ്തമാക്കുന്ന സവിശേഷതയെന്ത് ?

20 പുറമേക്ക് – പരുക്കനെങ്കിലും ദയവും സ്നേഹവും നിറഞ്ഞ ഒരു ഹൃദയത്തിനുടമയായിരുന്നു അബ്ദുറഹ്മാൻ സാഹിബ്—സമർത്ഥിക്കുക.

21 ദേവകി നിലയങ്ങാടിൻ 'എച്ചിലെന്ന' കൃതി മുന്നോട്ടു വെക്കുന്ന വ്യത്യസ്ത ചിന്തകൾ എന്ത് ?

22 "ഓരോരോ വിശ്വാസങ്ങളല്ലേ നമ്മുടെ കർമ്മങ്ങൾക്കൊക്കെ ആധാരം. ശരിയേത് തെറ്റേത് നമുക്കെങ്ങനെയാണ് തിരിച്ചറിയാനാവുക ?"—'മാട്ട്' എന്ന ആത്മകഥാംശത്തിലെ കുഞ്ഞിക്കിളിയെ അടിസ്ഥാനമാക്കി വിലയിരുത്തുക.

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

23 മക്കയുടെ ആത്മീയ സംസ്കാരത്തെ വായനക്കാരിലേക്ക് കൂടി പ്രസരിപ്പിക്കാൻ മുസാഫർ അഹമ്മദിന് സാധിച്ചു. വിവരിക്കുക.

24 ജീവിതത്തിൽ പരാജയപ്പെട്ട ഒരു കഥാപാത്രമാണ് ഫയൽമാൻ—വിശദമാക്കുക.

25 പരിസ്ഥിതി സംരക്ഷണത്തിലൂന്നിയ ദർശനമാണ് 'കണ്ടൽക്കാടുകൾക്കിടയിൽ എൻെറ ജീവിതം' എന്ന ആത്മകഥ—വിലയിരുത്തുക.

26 നാടകത്തെക്കുറിച്ചുള്ള തൻെറ സ്വാതന്ത്ര്യചിന്തകളുടെയും സങ്കല്പങ്ങളുടെയും സാധ്യതയെ പരീക്ഷിക്കുകയായിരുന്നു സി.ജെ.യുടെ '1128-ൽ ക്രൈം 27' എന്ന നാടകം ചെയ്തത്—വിശദമാക്കുക.

27 നാടകത്തിനുവേണ്ടത് ഉത്തമ സഹൃദയത്വമാണ്. 'നാടക സദസ്സ്' എന്ന ലേഖനത്തിലൂടെ ജി. ശങ്കരപ്പിള്ള സമർത്ഥിക്കുന്നതെങ്ങനെ ?

28 അനുഭവങ്ങളുടെ വേറിട്ട കാഴ്ചയും ആവിഷ്ക്കരണങ്ങളുമാണ് വി.കെ. ശ്രീരാമനെ വ്യത്യസ്തനാക്കുന്നത്—ചർച്ച ചെയ്യുക.

(4 × 10 = 40 marks)

**D 71602** (Pages : 2)

Name.........................................

Reg. No.....................................

...ok Arts & Science College
Pa...
Kot...

# THIRD SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2019

(CUCBCSS–UG)

Malayalam

MAL 3A 03—MALAYALA SAHITHYAM – III

(2014 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക :

1 'തബൂക്ക്' എന്ന പദത്തിന്റെ അർത്ഥം എന്ത് ?

2 മലയാളത്തിലെ ആദ്യത്തെ ഗദ്യയാത്രാവിവരണ കൃതിയേത് ?

3 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം' എന്ന കൃതിയുടെ കർത്താവാര് ?

4 'മലയാള നാടക സാഹിത്യ ചരിത്രം' എന്ന കൃതി ആരുടേതാണ് ?

5 വി.ടി.ക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതിയേത് ?

6 'ഒരിടത്തൊരു ഫയൽവാൻ' എന്ന തിരക്കഥയ്ക്ക് ആധാരമായ ചെറുകഥയേത് ?

7 'ഉയരുന്ന യവനിക'യെന്ന ഗ്രന്ഥത്തിന്റെ കർത്താവാര് ?

8 'സ്വയംവരം' എന്ന ചലച്ചിത്രത്തിന്റെ സംവിധായകൻ ആരാണ് ?

9 മലയാളത്തിലെ ആദ്യത്തെ രാഷ്ട്രീയ നാടകം ഏത് ?

10 നമ്മുടെ നാടക രചനയുടെയും നാടകാവതരണ സമ്പ്രദായത്തിന്റെയും പുരോഗതിയ്ക്ക് തടസ്സമായി നില്ക്കുന്നത് ആരുടെ അഭാവമാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 സിനിമാനിർമ്മാണത്തിൽ തിരക്കഥയുടെ പ്രാധാന്യമെന്ത് ?

12 സൗർഗുഹയുമായി ബന്ധപ്പെട്ട വിശ്വാസമെന്ത് ?

13 കുഞ്ഞിക്കിളിയനെ താമി വധിച്ചതെന്തിനാണ് ?

14 വരുമാനമാർഗ്ഗമില്ലാതെ ക്ലേശമനുഭവിച്ച ഫയൽവാനെ ചക്കര സഹായിച്ചതെങ്ങനെയാണ് ?

15 'നന്നായിപ്പോയി—ഒരുത്തൻ ചത്തു. മറ്റവൻ കഴുവേലും. കടിച്ചതുല്ല ; പിടിച്ചതുല്ല '—സൂചനയെന്ത് ?

(5 × 2 = 10 marks)

Turn over

III. അഞ്ചു ചോദ്യത്തിന് നൂറ്റൻപതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

16 അനുശീലനം കൊണ്ടു സിദ്ധിക്കേണ്ട ഒന്നാണ് നാടകാസ്വാദനമെന്ന് ജി. ശങ്കരപ്പിള്ള സമർത്ഥിക്കുന്നതെങ്ങനെയാണ് ?

17 1128-ൽ ക്രൈം 27 എന്ന നാടകത്തിൽ, ശിഷ്യൻ കോടതിയിൽ ബോധരഹിതനായി വീഴാൻ കാരണം എന്ത് ?

18 തിരക്കഥയും സാഹിത്യകൃതിയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നതെങ്ങനെ ?

19 ചക്കരയെ കണ്ണൻ വിവാഹം കഴിക്കാൻ ഇടയാക്കിയ സാഹചര്യമെന്ത് ?

20 ഭാവിയെപ്പറ്റി കൂടുതൽ ചിന്തിക്കാൻ വി.ടി.യെ പ്രേരിപ്പിച്ച ജീവിത പശ്ചാത്തലമെന്ത് ?

21 അബ്ദു റഹ്മാൻ സാഹിബിന്റെ സ്വഭാവ സവിശേഷതകൾ വിലയിരുത്തുക.

22 സമീറ അമൽ എന്ന യുവതി സൗദി അറേബ്യയുടെ ദേശീയ വികാരമായി മാറിയതെങ്ങനെയാണ് ?

(5 × 5 = 25 marks)

IV. നാലു ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23 'ഞാൻ ഒരു പ്രാന്തൻ കണ്ടലാണ്' എന്ന വിശേഷണം കല്ലേൻ പൊക്കുടൻ തനിക്കു തന്നെ നല്കുന്നതിന്റെ പിന്നിലെ ഔചിത്യം പരിശോധിക്കുക.

24 'മരുഭൂമിയുടെ ആത്മകഥ'യിൽ മക്കയുടെ വിശുദ്ധിയും അതിന്റെ ചരിത്രവും മുസാഫർ അഹമ്മദ് വിശദമാക്കുന്നതെങ്ങനെയെന്ന് എഴുതുക.

25 'കച്ചകെട്ടിനവൻ പിച്ചയെടുക്കും' എന്ന തമിഴ് ചൊല്ല് ഫയൽവാന്റെ ജീവിതത്തിൽ സംഭവ്യമായതെങ്ങനെയെന്ന് ചർച്ച ചെയ്യുക.

26 സിനിമാരംഗത്ത് തിരക്കഥാകൃത്തിനുള്ള സ്ഥാനത്തെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചുമുള്ള എം.ടി.യുടെ അഭിപ്രായം സംഗ്രഹിച്ചെഴുതുക.

27 വധശിക്ഷയെക്കുറിച്ചുള്ള സി.ജെ.യുടെ പ്രതികരണങ്ങൾ 1128 ക്രൈം 27-ൽ എന്ന നാടകത്തിൽ എത്രത്തോളം പ്രകടമാണെന്ന് പരിശോധിക്കുക.

28 നാടകാവതരണ സമ്പ്രദാത്തിന്റെ പുരോഗതിക്ക് 'നാടകസഹൃദയസമിതി'കൾക്കുള്ള സ്വാധീനത്തെക്കുറിച്ച് ജി. ശങ്കരപ്പിള്ളയ്ക്കുള്ള കാഴ്ചപ്പാടെന്ത് ? വിവരിക്കുക.

(4 × 10 = 40 marks)

**D 71603**

**(Pages : 2)**

**Name.........................................**

**Reg. No.....................................**

# THIRD SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2019

(CUCBCSS–UG)

Malayalam

## MAL 3A 03—MALAYALA SAHITHYAM – III

(2017 Admissions)

Time : Three Hours

Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക :

1 മലയാളത്തിൽ തമിഴ് സംഗീത നാടകങ്ങളുടെ മാതൃകയ്ക്കു തുടക്കമിട്ട നാടകമേത് ?

2 മലയാളത്തിലെ ആദ്യത്തെ രാഷ്ട്രീയ നാടകം ഏതാണ് ?

3 'കള്ളു കുടിച്ച കുരങ്ങന്റെ വാലിൽ തേളും കുത്തി ' ഇങ്ങനെ പറയുന്നതാര് ?

4 മലയാളത്തിന്റെ ആദ്യചിത്രമായ വിഗതകുമാരൻ നിർമ്മിച്ചത് ഏത് വർഷം ?

5 'പെരുന്തച്ചൻ' എന്ന സിനിമയുടെ തിരക്കഥാകൃത്ത് ആര് ?

6 'ആന്ദ്രാപ്പുലി' എന്നറിയപ്പെടുന്ന ഗുസ്തിക്കാരനെ കൊണ്ടു വന്നതാര് ?

7 'ജീവിതസ്മരണകൾ' ആരുടെ ആത്മകഥയാണ് ?

8 'ഹീ വാസ് ഡെയിഞ്ചറസ്ലി ഹോണസ്റ്റ് ' എന്ന് ആരെക്കുറിച്ചാണ് പറയുന്നത് ?

9 കുഞ്ഞിക്കിളിയന്റെ തൊഴിൽ എന്തായിരുന്നു ?

10 ജിദ്ദയിലെ ഹിസ്റ്റോറിക്കൽ സിറ്റി ഏത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 റ്റിയാറ്റ് - ദുബായ് റൂട്ടിലുള്ള ഹറദ് എന്ന സ്ഥലത്തിന്റെ സവിശേഷതയെന്ത് ?

12 'വെറും ആനയോ ? ഐരാവതമോ ഇത് എനം.' ആരെക്കുറിച്ചാണ് ഇപ്രകാരം പറയുന്നത് ? സന്ദർഭമേത് ?

13 തിരക്കഥാരചനയുമായി ബന്ധപ്പെട്ട് ബർണാഡ്ഷായുടെ അഭിപ്രായത്തെ എം.ടി. തിരുത്തുന്നതെങ്ങനെ ?

14 'നീ വിചാരിക്കുന്നത് ഒരു മരണം നടന്നു കഴിഞ്ഞാൽ പിന്നെ ഭൂമിയുടെ കറക്കം നിന്നു പോകുമെന്നാണ്' —ഗുരു ഇങ്ങനെ പറയുന്നതിനു കാരണമെന്ത് ?

15 പുളിമാന പരമേശ്വരൻപിള്ളയുടെ 'സമത്വവാദി' എന്ന നാടകം ഏതു നിലയിലാണ് ശ്രദ്ധിക്കപ്പെടുന്നത് ?

(5 × 2 = 10 marks)

Turn over

III. നൂറ്റമ്പതു വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിനുത്തരമെഴുതുക :

16 'ഇനി മാർക്കോസിനു സ്വർഗ്ഗത്തിൽ പോകണമെങ്കിൽ കുർബാന ചൊല്ലിയാൽ പോരാ, പിണ്ഡം വെച്ച് ബലിയിടണം '—സന്ദർഭമേത് ? അതിലെ പരിഹാസമെന്ത് ?

17 നോവലുകൾക്ക് ചലച്ചിത്രാവിഷ്കാരം നടത്തുമ്പോൾ മാറ്റങ്ങളും വെട്ടിക്കുറയ്ക്കലും ഒഴിവാക്കാനാവില്ല —വിശദമാക്കുക.

18 ഏഴു വർഷം കൊണ്ട് സൗദി അറേബ്യയുടെ ദേശീയ വികാരമായി മാറിയ യുവതിയാണ് 'സമീറ അമൽ' —വിശദമാക്കുക.

19 കണ്ടൽക്കാടുകൾ വളർത്തുന്നതിന്റെ ആവശ്യകതയെപ്പറ്റി പൊക്കുടൻ പറയുന്നതെന്തെല്ലാം ?

20 മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്ബിന്റെ സ്വഭാവ സവിശേഷതകൾ എന്തെല്ലാം ?

21 'വിജ്ഞാനം നേടിയേ അടങ്ങൂ എന്ന് ആ ഘോരാന്ധകാരത്തിൽ ഞാൻ ശപഥം ചെയ്തു. ആര് ? സന്ദർഭമേത് ?

22 സി.എൻ. ശ്രീകണ്ഠൻ നായരുടെ നാടകങ്ങളുടെ സവിശേഷതകൾ എന്തെല്ലാം ?

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ **നാലു** ചോദ്യത്തിനുത്തരമെഴുതുക :

23 'മികച്ച തിരക്കഥകൾ മികച്ച സാഹിത്യസൃഷ്ടികൾ കൂടിയാണ് '—എം.ടി.യുടെ ഈ തിരക്കഥാ സമീപനത്തെ വിശദമാക്കുക.

24 വേറിട്ട അനുഭവക്കുറിപ്പുകൾ രചിക്കാനുള്ള വി.കെ. ശ്രീരാമന്റെ സർഗശേഷിയെ പ്രകടമാക്കുന്ന രചനയാണ് 'മാട്ട്'—സ്പഷ്ടമാക്കുക.

25 'മരണം ഒരു ഫലിതമാണ് ' എന്ന തന്റെ വേദാന്തത്തെ അവതരിപ്പിക്കുന്നതോടൊപ്പം നാടകത്തെ ക്കുറിച്ചുള്ള തന്റെ സമഗ്രമായ കാഴ്ചപ്പാടും 1128-ൽ ക്രൈം 27 എന്ന നാടകം അവതരിപ്പിക്കുന്നു. ചർച്ച ചെയ്യുക.

26 യാത്രയും യാത്രയിലെ അപരിചിതവും അപരിമേയവുമായ അനുഭവങ്ങളെയും ഹൃദയാവർജ്ജകമായി അവതരിപ്പിക്കുന്നുണ്ട് 'മരുഭൂമിയുടെ ആത്മകഥ'. വിശദീകരിക്കുക.

27 മുഖ്യധാരാ-കച്ചവട സിനിമകളിലെ നായക സങ്കല്പത്തെ പരിവർത്തന വിധേയമാക്കാൻ പോന്നതാണ് 'ഒരിടത്തൊരു ഫയൽവാൻ' എന്ന തിരക്കഥയും അതിലെ അന്തരീക്ഷവും. സാധുത പരിശോധിക്കുക.

28 'മലയാള നാടക ചരിത്രത്തിനൊരാമുഖം' എന്ന ലേഖനത്തിൽ എൽ. തോമസുകുട്ടി നടത്തുന്ന നിരീക്ഷണങ്ങൾ ചുരുക്കി എഴുതുക.

(4 × 10 = 40 marks)

**D 91665**

**(Pages : 2)**

Name.........................................

Reg. No.....................................

Arts & Science College
Kottakkal, Malappuram

# THIRD SEMESTER (CUCBCSS–UG) DEGREE EXAMINATION NOVEMBER 2020

Malayalam

MAL 3A 03—MALAYALA SAHITHYAM – III

(2014 Admissions)

Time : Three Hours

Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക.

1 രാമായണ നാടകത്രയം ആരുടേതാണ് ?

2 സി.ജെ.യുടെ നാടകവിരുദ്ധ (Anti-play) നാടകമേത് ?

3 പി.ജെ. ആന്റണിയ്ക്ക് ദേശീയ അവാർഡ് നേടിക്കൊടുത്ത ചലച്ചിത്രം ഏത് ?

4 'ഒരിടത്തൊരു ഫയൽവാൻ' ആദ്യമായി പ്രദർശിപ്പിച്ച വർഷമേത് ?

5 കല്ലേൻ പൊക്കുടന്റെ ആത്മകഥയുടെ പേരെന്താണ് ?

6 ജി. ശങ്കരപ്പിള്ളയുടെ ആദ്യ നാടകമേത് ?

7 'മലയാള സിനിമയുടെ കഥ' എന്ന കൃതിയുടെ കർത്താവാര് ?

8 അറബിയിൽ 'മസ്റ' എന്ന വാക്കിന്റെ അർത്ഥമെന്ത് ?

9 'വർത്തമാനപ്പുസ്തക'ത്തിന്റെ കർത്താവാര് ?

10 'അടുക്കളയിൽ നിന്നും അരങ്ങത്തേക്ക്' എന്ന നാടകം ആരുടേതാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11 സിനിമയുടെ തറവാട്ടിൽ മൂപ്പനുസരിച്ച് എത്രാമത്തെ സ്ഥാനമാണ് എഴുത്തുകാരനുള്ളത് ? മറ്റ് സ്ഥാനക്കാർ ആരെല്ലാമാണ് ?

12 അബഹയിലെ നാട്ടുവഴികൾക്ക് തേൻ മണമാണെന്നു പറയുന്നതെന്തു കൊണ്ട് ?

13 കല്ലേൻ പൊക്കുടൻ രാഷ്ട്രീയപ്പാർട്ടിയിൽ നിന്നും സമുദായ സംഘടനയിൽ നിന്നും അകലം പാലിച്ചതെന്തു കൊണ്ട് ?

14 'ആത്മകഥയും സ്മരണകളും' തമ്മിലുള്ള പ്രധാന വ്യത്യാസം എന്ത് ?

15 നാടകാസ്വാദനത്തിന് അനുശീലനം ആവശ്യമാണെന്നു പറയുന്നതെന്തു കൊണ്ട് ?

(5 × 2 = 10 marks)

**Turn over**

III. **അഞ്ചു** ചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

16 മലയാള നാടക ചരിത്രത്തിൽ 1128-ൽ ക്രൈം 27 എന്ന നാടകത്തിനുള്ള പ്രാധാന്യമെന്ത് ?

17 നോവലുകൾ ചലച്ചിത്രമാക്കുമ്പോൾ സംഭവിക്കുന്ന മാറ്റങ്ങൾ ഏവ ?

18 'എന്നാപ്പിന്നെ കടിക്കുന്ന പട്ടിയെ വളർത്തി നിർത്താരുന്നല്ലോ ?'—ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

19 വിജ്ഞാനം നേടിയേ അടങ്ങൂവെന്ന് വി.ടി.യെ പ്രേരിതനാക്കാൻ ഇടയാക്കിയ സന്ദർഭം ഏത് ?

20 അബ്ദു റഹ്മാൻ സാഹിബ് ദയയും സ്നേഹവും നിറഞ്ഞ ഹൃദയത്തിനുടമയായിരുന്നുവെന്ന് ലേഖകൻ അഭിപ്രായപ്പെടുന്നതെന്തു കൊണ്ട് ?

21 മുണ്ടിയുടെ അന്ത്യം എങ്ങനെയായിരുന്നു ?

22 മസ്റയിലെ തൊഴിലാളികൾ അനുഭവിയ്ക്കുന്ന പീഡനങ്ങൾ 'മരുഭൂമിയുടെ ആത്മകഥ'യിൽ പ്രതിപാദിച്ചിട്ടുള്ളതെങ്ങനെയെന്ന് വിശദമാക്കുക.

(5 × 5 = 25 marks)

IV. **നാലു** ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

23 ഫയൽവാന്റെ കടന്നു വരവ് ഒരു നാട്ടിലുണ്ടാക്കിയ സംഭവ വികാസങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കുക.

24 ഹജ്ജ് കർമ്മത്തിന്റെ പരിപാവനത 'മരുഭൂമിയുടെ ആത്മകഥ' എന്ന കൃതിയിൽ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെയെന്ന് ചർച്ച ചെയ്യുക.

25 ചലച്ചിത്ര നിർമ്മാണ രംഗത്ത് തിരക്കഥാകൃത്തിന് നിർവ്വഹിക്കാനുള്ള ഉത്തരവാദിത്വമെന്ത് ? എം.ടി.യുടെ 'തിരക്കഥ' എന്ന ലേഖനത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

26 1128-ൽ ക്രൈം 27 എന്ന നാടകത്തിൽ നിലനിന്നു പോരുന്ന നിയമ സംവിധാനത്തിന്റെ അർത്ഥശൂന്യതയെ സി.ജെ. ചോദ്യം ചെയ്യുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

27 മലയാള നാടക വേദിയുടെ വളർച്ചാ ഘട്ടങ്ങളും സങ്കേതങ്ങളും 'മലയാള നാടക ചരിത്രത്തിനൊരാമുഖം' എന്ന ലേഖനത്തിൽ ചർച്ച ചെയ്തിരിയ്ക്കുന്നതെങ്ങനെ ? വിശദമാക്കുക.

28 മുഹമ്മദ് അബ്ദുൾ റഹ്മാൻ എന്ന പൊതുപ്രവർത്തകനെ എം. റഷീദ് വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്നതെപ്രകാരമാണെന്ന് വിവരിക്കുക.

(4 × 10 = 40 marks)

**D 91666**

**(Pages : 2)**

Name.........................................

Reg. No......................................

...Arts & Science College... Kottakkal, Malappuram

# THIRD SEMESTER (CUCBCSS–UG) DEGREE EXAMINATION NOVEMBER 2020

Malayalam

MAL 3A 03—MALAYALA SAHITHYAM – III

(2017 Admissions)

Time : Three Hours

Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക.

1 'സമത്വവാദി' രചിച്ചതാര് ?

2 രാമായണത്തെ അടിസ്ഥാനമാക്കി നാടകത്രയം രചിച്ചതാര് ?

3 'ഞാനുണ്ടാക്കിയ പാവകൾ എന്നോട് കേറിത്തുടങ്ങിയോ' പറഞ്ഞതാര് ?

4 'ഇൻഫോർമർ' എന്ന കഥ ആരുടേതാണ് ?

5 'അപ്പോ നിനക്കെന്നെ വേണ്ടാരുന്നു അല്ലേ' ? ആര് ആരോട് പറഞ്ഞതാണ് ?

6 വി.ടി. അക്ഷരാഭ്യാസത്തിനു ശേഷം ആദ്യമായി വായിച്ച വാക്കുകൾ എന്തായിരുന്നു ?

7 അബ്ദുറഹിമാൻ സാഹിബിനെ പരസ്യമായി ദ്രോഹിച്ചതാര് ?

8 കുഞ്ഞിക്കോരനും താമിയും ആരുടെ വീട്ടിലെ ജോലിക്കാരായിരുന്നു ?

9 ഭാവിയിൽ ഏതു പേരിൽ അറിയപ്പെടാനാണ് പൊക്കുടൻ ആഗ്രഹിച്ചത് ?

10 ദൈവശാപം കിട്ടിയ പ്രദേശമെന്ന് വിശ്വസിക്കുന്ന സ്ഥലം ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11 "മലയാള നാടകം യഥാർത്ഥത്തിൽ ലോകനടകത്തിന് സമശീർഷകമാവുകയാണുണ്ടായത്". കാരണമെന്ത് ?

12 ജനാദ്രിയ ഫെസ്റ്റിവെലിന്റെ സവിശേഷതയെന്ത് ?

13 "ഇനീം മാപ്പിള അമ്പലത്തിക്കേറീന്ന് പറഞ്ഞ്, എല്ലാരും കൂടെ എന്നെ തല്ലിക്കൊല്ലും കൂടെ വേണമായിരിക്കും" ആരുടെ വാക്കുകൾ ?

14 വൈക്കം മുഹമ്മദ് ബഷീർ അബ്ദുറഹിമാനെക്കുറിച്ച് സ്മരിച്ചത് എന്തായിരുന്നു ?

15 "ഈ ഏർപ്പാട് അത്ര സുചിന്തിതമാണെന്നെനിക്കഭിപ്രായമില്ല "ഏത് ഏർപ്പാട് ? ആർക്കാണ് അഭിപ്രായമില്ലാത്തത് ?

(5 × 2 = 10 marks)

**Turn over**

III. നൂറ്റമ്പതു വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിനുത്തരമെഴുതുക.

16 വിജ്ഞാനം നേടിയേ അടങ്ങൂ എന്ന് ആഘോരാന്ധകാരത്തിൽ ഞാൻ ശപഥം ചെയ്തു. ആര് ? അതിനിടയായ സാഹചര്യം വിശദമാക്കുക.

17 കണ്ടൽക്കാടുകൾ വളർത്തേണ്ടതിന്റെ ആവശ്യകതയെന്ത് എന്നാണ് പൊക്കുടൻ അഭിപ്രായപ്പെടുന്നത് ?

18 ഏഴു വർഷം കൊണ്ട് സൗദി അറേബ്യയുടെ ദേശീയവികാരമായി മാറിയത് ഏതു യുവതിയാണ് ? കാരണമെന്ത് ?

19 മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ സ്വഭാവ സവിശേഷതകളെന്ത് ?

20 വാക്കും പ്രവൃത്തിയും സഹായത്തിനൊത്ത സന്ദർഭത്തിലാണ് സ്ക്രീൻ പ്ലേ രചയിതാവിന് വെല്ലുവിളി നേരിടേണ്ടത് ? ഇക്കാര്യം എം.ടി. വിശദമാക്കുന്നതെങ്ങനെ ?

21 "മരണശിക്ഷയുടെ ഉദ്ഭവം തന്നെ പ്രതികാര ബുദ്ധിയിൽ നിന്നാണ് "—ഈ പ്രസ്താവന ആരുടെ ? സന്ദർഭം വിവരിക്കുക.

22 മലയാള നാടകത്തെക്കുറിച്ച് ഉണ്ടായിട്ടുള്ള സംസ്കൃത പാരമ്പര്യത്തിൽ അടിയുറച്ച തെറ്റായ ചരിത്ര ബോധത്തെ തിരുത്തിക്കൊണ്ട് തോമസുകുട്ടി അവതരിപ്പിക്കുന്നതെന്തെല്ലാം ?

**(5 × 5 = 25 marks)**

IV. മുന്നൂറു വാക്കിൽ കവിയാതെ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

23 പത്മരാജന്റെ തിരക്കഥയുടെ സവിശേഷതകൾ 'ഒരിടത്തൊരു ഫയൽവാൻ' എന്ന തിരക്കഥയെ മുൻനിർത്തി പരിശോധിക്കുക.

24 'നമുക്ക് എന്നാണ് ഇതൊക്കെ ബോധ്യപ്പെടുക' ? കല്ലേൻ പൊക്കുടൻ ഉന്നയിക്കുന്ന ഈ ചോദ്യവും അദ്ദേഹത്തിന്റെ ജീവിതം കൊണ്ട് അതിനു നൽകുന്ന ഉത്തരവും വിശദീകരിക്കുക.

25 'മരണം ഒരു ഫലിതമാണ് ' എന്ന തന്റെ വേദാന്തത്തോടൊപ്പം നാടകത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടും '1128-ൽ ക്രൈം 27' ൽ സി.ജെ. അവതരിപ്പിക്കുന്നു. ചർച്ച ചെയ്യുക.

26 മക്കയുടെ ആത്മീയ സംസ്കാരത്തെ യാത്രാവിവരണം എന്ന സാഹിത്യ മാധ്യമത്തിലൂടെ അവതരിപ്പിക്കാൻ 'മരുഭൂമിയുടെ ആത്മകഥ'യ്ക്കു സാധിച്ചിട്ടുണ്ട്. പരിശോധിക്കുക.

27 അത്യസാധാരണമായ ആത്മാഭിമാനത്തിന്റെയും കറകളഞ്ഞ സത്യസന്ധതയുടെയും ഉത്തമ ഉദാഹരണവും കഥകളഞ്ഞ പൊതു പ്രവർത്തകനുമായിരുന്നു അബ്ദുറഹിമാൻ സാഹിബ്. വിശദമാക്കുക.

28 തിരക്കഥാകൃത്തിന് ചലച്ചിത്ര ലോകത്ത് നിർവ്വഹിക്കാനുള്ള അടിസ്ഥാന ചുമതലകൾ എന്തെല്ലാമാണെന്ന് എം.ടി. തന്റെ ലേഖനത്തിലൂടെ അവതരിപ്പിക്കുന്നത് ?

**(4 × 10 = 40 marks)**